**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**28 April 2017 / 01 Shabaan 1438 Hijira)**

**സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം ദൈവത്തിന്റെ സമ്പൂർണ്ണ ഗുണവിശേഷങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.**

## കോമറോസിലും, മയോട്ടിലും, റീയൂണിയൻ ദ്വീപിലും നടത്തിയ പ്രധാന പ്രവർത്തനങ്ങൾ

2017 ഏപ്രിൽ 10 മുതൽ 23 വരെ കോമറോസിലും, മയോട്ടിലും, റീയൂണിയൻ ദ്വീപിലും നടത്തിയ വളരെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളെക്കുറിച്ച് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എന്റെ അനുയായികളിൽ വളരെയധികം പേരും അറിഞ്ഞിട്ടുണ്ടാവില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അല്ലാഹുവിന്റെ, ഒരു ദാസൻ അവന്റെ സൃഷ്ടാവിന്റെ നിർദ്ദേശങ്ങൾ അനുസരിക്കുന്നതിലൂടെ, അവന്റെ വഴിയിൽ പരീക്ഷണങ്ങളുടെ വേലിയേറ്റങ്ങളുണ്ടായാൽ പോലും ഈ വിഘ്നങ്ങളെയെല്ലാം നീക്കം ചെയ്യുന്നത് അല്ലാഹു തന്നെയാണ്. അതിലൂടെ അല്ലാഹു തന്നെയാണ് വിജയശ്രീലാളിതനായി തീരുന്നത്. ലാഗാലിബ ഇല്ലല്ലാഹ് എല്ലാ വിജയങ്ങളും അല്ലാഹുവിന് മാത്രമുള്ളതാകുന്നു.

അല്ലാഹുവിന്റെ കരങ്ങളിലെ ഒരുപകരണം മാത്രമാണ് ഞാൻ. കോമറോസിലും, മയോട്ടിലും, റീയൂണിയൻ ദ്വീപിലുമുള്ള എന്റെ വാസത്തിലൂടെ ആയിരക്കണക്കിന് നഷ്ടപ്പെട്ട ആത്മാക്കളെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലേക്ക് മടക്കിക്കൊണ്ട് വരുവാൻ സാധിച്ചു. അൽഹംദുലില്ലാഹ് ! അൽഹംദുലില്ലാഹ് ചില ഗ്രാമങ്ങളും അവരുടെ ഇമാമീങ്ങളും എന്നിൽ ബൈഅത്തു ചെയ്യുകയുണ്ടായി ! അല്ലാഹുവിന്റെ

അനുഗ്രഹത്താൽ, മൊറോനി കേന്ദ്രത്തിൽ തന്നെ നമുക്കൊരു ജമാഅത്ത് കിട്ടി, അതിലെ എല്ലാ അംഗങ്ങളെയും അതോടൊപ്പം കുറെ ഭൂമിയും ലഭിക്കുകയുണ്ടായി. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ പേരിൽ നിയമാനുസൃതം അത് മാറ്റപ്പെടുകയും ചെയ്തു. പെട്ടെന്നു തന്നെ ഇൻശാ അല്ലാഹ് അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മറ്റു ഗ്രാമങ്ങളിലും അവന്റെ പ്രത്യേക സഹായത്താൽ ഇസ്ലാമിക് സ്ക്കൂൾ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ മസ്ജിദും. 2013 ലും 2015 ലുമായി നമുക്ക് ലഭിച്ച വസ്തുവിൽ ! അതുപോലെ രാജ്യത്തിലെ പ്രധാനവ്യക്തികളുമായി നമുക്ക് വളരെ പ്രധാനപ്പെട്ട ജോലികളുമുണ്ടായിരുന്നു,

ദൈവീക അനുഗ്രഹം അത് ഒരിക്കലും അവസാനിക്കുന്നില്ല. അത് സ്വയം വെളിവാക്കപ്പെട്ടു കൊണ്ടിരിക്കുന്നു. മയോട്ടിയിൽ നമുക്ക് ഒരു വലിയ ജമാഅത്ത് ലഭിച്ചിട്ടുണ്ട്. ഗ്രാൻടെ ടെറയിൽ. അതുപോലെ അവിടെ ഒരു വലിയ പള്ളിയും മദ്രസ്സയും ! അതും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ പേരിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, മറ്റൊരു സ്ഥലത്ത് നമുക്ക് നേരത്തെ ലഭിച്ചിട്ടുള്ള ഭൂമിയിൽ, അവിടെ നമ്മുടെ അംഗങ്ങൾക്ക് വെള്ളിയാഴ്ച പ്രാർത്ഥനയ്ക്കുള്ള സൗകര്യമില്ലായിരുന്നു. അവർ അവിടെ വലിയ പ്രശ്നങ്ങളെ അഭിമുഖികരിച്ചിരുന്നു. ചിലപ്പോൾ അവർ അവരുടെ സഹോദരന്റെ വീട്ടിൽ സന്ധിക്കേണ്ടി വന്നിരുന്നു. എന്നാൽ അൽഹദുല്ലില്ലാഹ് അല്ലാഹു (ത) നല്കിയ സമ്പാദ്യംകൊണ്ട് ഒരു പള്ളിവെയ്ക്കുന്നതിൽ വിജയിച്ചിരുക്കുന്നു. മയോട്ടിയിലെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങളുടെ സ്നേഹവും താത്പര്യവുമാണ് നാമിതിലൂടെ കാണുന്നത്.

മയോട്ടിലേയും കോമറോസിലെയും ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അസാധാരണായ പുരോഗതിയാണ്, അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ നേടിയത്. വിശിഷ്യാ ദഅ്‌വാ രംഗത്ത് ! അവർ ദഅ്‌വാ

അക്കാഡമിയും, ഒരു പഠനക്ലാസ്സും സ്ഥാപിക്കുകയും ഓരോ ആഴ്ചയിലും കുടുൂന്നതിനും തീരുമാനിച്ചിരിക്കുന്നു. ഇൻശാഅല്ലാഹ് അതിന്റെ വിശദാംശങ്ങൾ ഇവിടെ പറയുന്നില്ല. താമസം വിനാ നമ്മുടെ സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതാണ്.

റീയൂണിയൻ ജമാഅത്ത്, അവർ വളരെയധികം കർമ്മനിരതരല്ല. അവർ തുടർച്ചയായ റിപ്പോർട്ടും നല്കുന്നില്ല. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അല്ലാഹു (ത) അത്ഭുതകരമായ നിലയിൽ വഴികൾ തുറന്നിരിക്കുന്നു. പുതുതായി അനേകർ ജമാഅത്തിൽ പ്രവേശിച്ചിരിക്കുന്നു. താമസിയാതെ വളരെ നല്ല പ്രവർത്തനങ്ങൾ അവരിലൂടെ കാഴ്ചവെയ്ക്കുന്നതാണ്. ഇൻശാഅല്ലാഹ് ! ജമാഅത്ത് ജോലിയിൽ പിന്നോക്കം നില്ക്കുന്നവരെ, അവരെ തൽസ്ഥാനങ്ങളിൽ നിന്ന് നീക്കം ചെയ്യുന്നതാണ്. കാരണം അല്ലാഹു അവർക്ക് പകരം വേറെ ആളുകളെ നല്കുന്നതാണ്. അവർ ദൃഢചിത്തരായി സ്നേഹാധിഷ്ഠതമായി പ്രവർത്തിക്കുന്നതാണ്. ഇൻശാ അല്ലാഹ് ! മൂന്നു കേന്ദ്രങ്ങൾ ! ഒരു മദ്രസ്സ ! പകൽ സമയത്ത് നമ്മുടെ കുട്ടികൾക്കായി പ്രവർത്തിക്കുന്നു. ഓരോ ആഴ്ചയിലും തുടർച്ചയായി പഠനയോഗങ്ങളും, അല്ലാഹുവിന്റെ അനുഗ്രഹത്താൽ തുടർച്ചയായ റിപ്പോർട്ടുകളും അതോടൊപ്പം മൗഫിയായിൽ ഒരു ദഅ്‌വാ അക്കാഡമിയുടെ ആരംഭവും കുറിച്ചിരിക്കുന്നു. ജമാഅത്തിന്റെ ജോലികളിൽ അശ്രദ്ധരായിരിക്കുന്നവരുടെ കാര്യം ദുഃഖകരം തന്നെ, അവരുടെ സ്ഥാനങ്ങളിൽ നിന്നും അവരെ നീക്കം ചെയ്യുകയുണ്ടായി ഇക്കാര്യങ്ങളിൽ അവർ ദുഃഖിതരാണ്.

റീയൂണിയൻ ദ്വീപിലെയും എല്ലാകാര്യങ്ങളും ഇവിടെ പ്രതിപാദിക്കുന്നില്ല. വെബ്സൈറ്റിൽ അക്കാര്യങ്ങളൊക്കെ പോസ്റ്റു ചെയ്യുന്നതാണ്. ഇൻശാഅല്ലാഹ് അല്ലാഹുവിനെ അതിജയിക്കുന്നവനായി ഒരുവനുമില്ലാതന്നെ ഇക്കാര്യങ്ങളിലെല്ലാം വിജയിപ്പിക്കുന്നവൻ അല്ലാഹു തന്നെ അൽഹം ദുലില്ലാഹ് !

## ദൈവത്തിന്റെ സമ്പൂർണ്ണ ഗുണങ്ങൾ ; -

ഇസ്ലാം ദൈവത്തെ പരിചയപ്പെടുത്തുന്നത് സമ്പൂർണ്ണനായവൻ എന്നനിലയിലാണ്. എല്ലാ കഴിവുകളുടെയും ഉടമസ്ഥനെന്ന നിലയിലാണ് ദൈവ ത്തെപറ്റി പ്രതിപാദിക്കുന്നത്. വിശുദ്ധഖുർആനിലെ പ്രഥമ വചനത്തിൽ തന്നെ

സർവ്വസ്തുതിയും അല്ലാഹുവിന് മാത്രമുള്ളതാണ് എന്നും എല്ലാ ലോകങ്ങളുടെയും സൃഷ്ടാവും സംരക്ഷകനുമാണ് എന്നും അത് ഘോഷിക്കുന്നു.

അല്ലാഹുവാണ് എല്ലാ സാധനങ്ങളും സൃഷ്ടിച്ചിരിക്കുന്നത് എല്ലാ സാധനങ്ങളും അവനെയാണ് ആശ്രയിച്ചിരിക്കുന്നത്. അവയുടെ നിലനില്പിനായി വിവിധങ്ങളായ സാധനങ്ങളിൽ നിലനില്ക്കുന്ന മഹത്വവും സൗന്ദര്യവും അവന്റെ സൃഷ്ടി വൈഭവമാണ്. അതുകൊണ്ട് തന്നെ സ്തുതിക്കർഹൻ അവൻ മാത്രമാണ്. വിശുദ്ധഖുർആനിൽ ദൈവത്തെ റഹ്മാൻ എന്ന് പറഞ്ഞിരിക്കുന്നു. അതായത് ദൈവത്തിന്റെ സംശുദ്ധമായ അനുഗ്രഹത്താലും ഔദാര്യത്താലും അവൻ മനുഷ്യന് വേണ്ടുന്ന എല്ലാ സാധനങ്ങളും അതിൽ സൃഷ്ടിച്ചിരിക്കുന്നു. ഉദാഹരണമായി കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനായി മാതാപിതാക്കളെ സൃഷ്ടിച്ചിരിക്കുന്നു. അതുപോലെ പ്രകാശം, വായു, അഗ്നി, ജലം വിവിധ ഇനം ആഹാരസാധനങ്ങൾ ഔഷധഗുണമുള്ള തടികൾ, ഇരുമ്പ്, കല്ല്, തുടങ്ങിയവ മനുഷ്യജനനത്തിന്റെ മുമ്പ് തന്നെ മനുഷ്യന് ആവശ്യമുള്ളതെല്ലാം ഇവിടെ സംഭരിച്ചുവെച്ചിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്. ഇതൊക്കെ നിർവ്വഹിക്കപ്പെട്ടത് ദൈവത്തിന്റെ ഗുണവിശേഷമായ റഹ്മാനിയ്യത്ത് മൂല്യമാണ്. വിശുദ്ധഖുർആനിൽ ദൈവത്തിന് റഹിം എന്ന് പേര് നല്കിയിരിക്കുന്നു. അതായത് മനുഷ്യൻ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങൾക്കും അതിന്റെ ഗുണവും നിലവാരവും അനുസരിച്ച് പ്രതിഫലം നല്കുന്നതാണ്. മനുഷ്യന്റെ പ്രയത്നത്തെ വൃഥാവിലാക്കുകയില്ല. യഥാവിധി പ്രയത്നത്തിന് അവൻ പ്രതിഫലം നല്കുന്നതാണ്.

പ്രതിഫല ദിനത്തിന്റെ രാജാവാണവൻ, പ്രകൃതി നിയമങ്ങളുടെ നടത്തിപ്പിനെ കൂടാതെ, ഈ ലോകത്ത് വെച്ച് തന്നെ പ്രതിഫലങ്ങളും ശിക്ഷകളും ലഭ്യമാകുന്നതാണ്. ഓരോ പ്രവർത്തിക്കും ഒരു പരിധി അവൻ നിശ്ചയിച്ചിട്ടുണ്ട്. ആ പരിധി എത്തിയാലുടൻ തന്നെ, ഓരോ പ്രവർത്തിയുടെയും അന്തിമവിധി പുറപ്പെടുവിക്കുന്നതാണ്. എല്ലാ നല്ല പ്രവർത്തിയുടെയും പ്രവർത്തനങ്ങൾക്ക് നല്ല പ്രതിഫലങ്ങളും ചീത്ത പ്രവർത്തിക്ക് ചീത്ത ഫലങ്ങളും ലഭ്യമാക്കുന്നതാണ്. ഇത്

അവന്റെ രാജാധികാരത്തിന് വിധേയമായിട്ടാണ്. അവന്റെ മലക്കിയ്യത്തിൽപ്പെട്ടതാണ് മാപ്പു ചെയ്യുക എന്നതും ശിക്ഷിക്കുക എന്നതും ! അവന്റെ മറ്റൊരു ഗുണനാമമാണ് ഖാദിർ എന്നത്. അതായത് അവൻ എല്ലാ വസ്തുക്കൾക്കും ഒരു നിശ്ചിത പ്രകൃതി നിശ്ചിയിച്ചിരിക്കുന്നു. അതായത് തീയ്ക്കു ചൂട് നല്കിയിരിക്കുന്നതു പോലെ, വെള്ളം തീയെ കെടുത്തുന്നതുപോലെ ! തീയ് ചിലപ്പോൾ ചൂടും മറ്റു ചിലപ്പോൾ തണുപ്പും പ്രദാനം ചെയ്താൽ. അതുപോലെ ജലവും വിവിധ രീതിയിൽ പ്രവർത്തിച്ചാൽ ജനം വലഞ്ഞുപോകും. അങ്ങനെ ആയാൽ നമ്മുടെ പ്രയോജനത്തിനായി അവയെ ഉപയോഗപ്പെടുത്താൻ കഴിയാതെ വരുന്നതാണ്.

- അവൻ എല്ലാം കേൾക്കുന്നവനാണ്
- അവൻ സ്വയം ജീവിച്ചിരിക്കുന്നവനും മറ്റുള്ളവയെ ജീവിപ്പിക്കുന്നവനുമാകുന്നു.
- അവൻ സൃഷ്ടാവാകുന്നു
- അവൻ മറ്റുള്ളവയെ നിലനിർത്തുന്നവനാകുന്നു
- അവന്റെ സഹായവും പിന്താങ്ങലുമില്ലാതെ മറ്റൊന്നിനും നിലനില്ക്കാൻ കഴിയില്ല
- അവൻ തെറ്റു കുറ്റങ്ങളെ മാപ്പാക്കുന്നവനാകുന്നു.
- അവൻ എല്ലാം വിധ ന്യൂനതകളിൽ നിന്നും മുക്തനാകുന്നു.
- അവനു തുല്യനായി മറ്റൊന്നുമില്ല
- അവന്റെ കല്പന പ്രകാരമാണ് എല്ലാ വസ്തുക്കളുടെയും ഉൽപ്പത്തി എല്ലാ സൃഷ്ടികളുടടെയും പ്രഥമകാരണവും അവനാകുന്നു.

വിശുദ്ധ ഖുർആനിൽ ദൈവത്തിന്റ മറ്റനേകം ഗുണവിശേഷങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ദൈവത്തിന്റെ ഒരു സമ്പൂർണ്ണ ആശയം ഇസ്ലാം നമുക്ക് പ്രദാനം ചെയ്യുന്നു. അവനിൽ കുടികൊള്ളുന്ന ഗുണവിശേഷങ്ങൾ ഒരു ഭാഗത്ത് നമുക്ക് സ്നേഹം നല്കുമ്പോൾ മറുഭാഗത്ത് ഭയം നല്കുന്നു. ഇവ രണ്ടും മനുഷ്യനും ദൈവത്തിനുമിടയിലുള്ള സമ്പൂർണ്ണബന്ധത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്തതാകുന്നു.

ഒരു നിമിഷം നാം ചിന്തിച്ചാൽ, നമുക്ക് കാണാം. സമ്പൂർണ്ണ ഐക്യവും. സമ്പൂർണ്ണ അനുസരണവും ഒന്നുകിൽ സ്നേഹത്തിലൂടെ അല്ലെങ്കിൽ ഭയത്തിലൂടെ മാത്രമെ സാധിക്കുകയുള്ളു എന്ന് നമുക്ക് മനസ്സിലാകും. സംശയലേശമന്യേ സ്നേഹം തന്നെയാണ് സമുന്നതവും ഉദാത്തവുമായ ബന്ധം, എന്നാൽ തുല്യമായ നിലയിൽ തന്നെ ചില കാര്യങ്ങൾക്ക് ഭയം തന്നെയാണ് വേണ്ടത്. അങ്ങനെ ഇസ്ലാം ദൈവീക ഗുണവിശേഷങ്ങളെ വിവരിക്കുന്നത് അനുകമ്പയിലും ശിക്ഷയിലുമാണ് എന്നാൽ അത് നമ്മെ ഓർമ്മപ്പെടുത്തുന്നു. അതായത് വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നു. എന്റെ അനുകമ്പ എല്ലാത്തിനെയും വലയം ചെയ്തു നില്ക്കുന്നു. 7 : 157

മറ്റൊരുവാക്കിൽ പറഞ്ഞാൽ ദൈവത്തിന്റെ ഗുണവിശേഷങ്ങളായ കോപവും ശിക്ഷയും ഭരിക്കപ്പെടുന്നത് അവന്റെ അനുകമ്പയാകുന്ന ഗുണവിശേഷം കൊണ്ടാണ്. കാരണം കോപത്തിന്റെയും ശിക്ഷയുടെയും കർമ്മഫലം അവനെ സംസ്ക്കരിക്കുവാനാണ്. മറിച്ച് അവനെ വേദനിപ്പിക്കുവാനല്ല. ഇവിടെ ഒരു ചോദ്യം ഉയരുന്നു. എന്തുകൊണ്ട് നമുക്ക് ദൈവത്തെ കാണാൻ കഴിയുന്നില്ല അവൻ നിലനില്ക്കുന്നുവെങ്കിൽ ? വിശുദ്ധഖുർആനിൽ അല്ലാഹു (ത) പറയുന്നു ദൃഷ്ടികൾ അവനിലേക്ക് എത്തുകയില്ല എന്നാണ് അവൻ ദൃഷ്ടികളിലേക്ക് എത്തുന്നു കണ്ണുകൾക്കും കാണാൻ കഴിയാത്ത വിധം അവൻ അതിസൂക്ഷ്മനാകുന്നു. എന്നാൽ അവന്റെ എല്ലാ കാര്യങ്ങളെകുറിച്ചും ബോധ്യമുള്ളവനുമാകുന്നു (6 : 104)

മനുഷ്യകണ്ണുകൾകൊണ്ട് ദർശിക്കുവാൻ കഴിയാത്തവിധം അവൻ അതിസൂക്ഷ്മജ്ഞനാകുന്നു. എന്നാൽ അവൻ എല്ലാ കാര്യങ്ങളും നന്നായി അറിയുന്നവനുമാകുന്നു. സൂക്ഷ്മ സാധനങ്ങൾ ഉദാഹരണത്തിന് വായു, വൈദ്യുതി ഇവ മനുഷ്യന് കാണുവാൻ സാധിക്കുകയില്ല. പിന്നെങ്ങനെയാണ് അവന് ദൈവത്തെ കാണുവാൻ കഴിയുന്നത്. ഏറ്റവും സൂക്ഷ്മനായിട്ടുള്ളത് ആരാണ് ? (ഏറ്റവും സൂക്ഷ്മതായിട്ടുള്ള വസ്തുക്കളിൽ വെച്ച് ) ഏറ്റവും സൂക്ഷ്മമായിട്ടുള്ളത് ഉണ്ടാക്കിയിട്ടുള്ളത് പദാർത്ഥത്തിൽ നിന്നല്ല. എന്നാൽ അത് സൂക്ഷ്മമായിട്ടുള്ളതാണ്. അത് അവൻ തന്നെയാണ് എല്ലാ വസ്തുക്കളുടെയും സൃഷ്ടവായവൻ. എന്നാൽ ദൈവം

അവൻ സ്വയം പ്രകടമാക്കുന്നു. അവന്റെ ശക്തി പ്രഭാവത്താൽ, അവന്റെ ഗുണവിശേഷങ്ങളാൽ, അങ്ങനെ മനുഷ്യന് അവനെ കാണുവാൻ കഴിയുന്നു അവന്റെ ചിന്താകണ്ണുകൾകൊണ്ട് !

അവസാനമായി ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള ഗുണവിശേഷത്തെപ്പറ്റി സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇസ്ലാമിൽ ഇതിന് എന്ത് സ്ഥാനമാണുള്ളത് ? ചുരുക്കത്തിൽ ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം കൊണ്ടർത്ഥമാക്കുന്നത്, മനുഷ്യന്റെ സ്നേഹത്തിന്റെ ഇച്ഛ, ആരാധന, ദൈവീക മഹത്വം, തേജസ്സ്, മാനവഹൃദയത്തിലെപരമമായ തേജോവിലാസം, മനുഷ്യന്റെ വ്യക്തിപരമായ ഇച്ഛകൾ മുഴുവൻ അവനായി ത്യാഗം ചെയ്യുന്നതിനുള്ള തയ്യാറെടുപ്പ്, എല്ലാ ലോകതാത്പര്യങ്ങളും ദൈവപ്രീതിക്കായി ത്യാഗം ചെയ്യുക മറ്റെല്ലാ കല്പനകൾക്കും ഇച്ഛകൾക്കും അനുരാഗങ്ങൾക്കുമതീതമായ പ്രീതിക്കായി ത്യാഗം ചെയ്യുക. ദൈവകല്പനയ്ക്കു മാനവൻ മുൻഗണന നല്കുക എന്നലക്ഷ്യത്തിനായിട്ടാണ് ദൈവം നിലകൊള്ളുന്നത് എന്ന് മനസ്സിലാക്കുക.

ഒരു മനുഷ്യന് ദൈവവുമായി ഉണ്ടായിരിക്കേണ്ട ബന്ധം, ഇസ്ലാമിന്റെ അധ്യാപകമനുസരിച്ച്, എല്ലാ വസ്തുക്കൾക്കും ഉപരിയായി മനുഷ്യൻ ദൈവത്തെ സ്നേഹിക്കുക എന്നതാണ്. ഭൂമിയിലുള്ള എല്ലാ വസ്തുക്കൾക്കും ഉപരിയായി അവനെ അനുസരിക്കുക, ആദരിക്കുക, അവന്റെ ഇച്ഛകൾക്കായി തന്റെ ഇച്ഛകളെല്ലാം തൃജിക്കുക. അവനെ അനുസരിക്കാതിരിക്കരുത്. മറ്റൊരു കാര്യത്തിനായി, അഥവാ മറ്റൊരു ഉദ്ദേശ്യത്തിനായി അവന്റെ കല്പനകൾ മാറ്റിവെയ്ക്കരുത്. അല്ലാഹു (ത) ഈ പ്രസംഗം നിങ്ങൾക്ക് എല്ലാവർക്കും ഗ്രഹിക്കുവാനുള്ള അനുഗ്രഹം നല്കട്ടെ ആമീൻ

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**